# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2713 14.02.2013-ൽ മറുപടിക്ക്

## കട്ടപ്പന - ഇരട്ടയാർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കട്ടപ്പന - ഇരട്ടയാർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ ; | (എ) കട്ടപ്പന - ഇരട്ടയാർ എന്നീ പ്രദേശങ്ങളിലേയ്ക്ക് താഴെപ്പറയുന്ന രണ്ട് പദ്ധതികളായിട്ടാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത് |

1) **കട്ടപ്പന - അയ്യപ്പൻ കോവിൽ വില്ലേജുകൾക്ക് വേണ്ടിയുള്ള പദ്ധതി :-**

ഇതിന്റെ കിണറും പമ്പ് ഹൗസും, റോവാട്ടർ പമ്പിംഗ് മെയിൻ പണിയും പൂർത്തീകരിച്ചു. സംപ് കം പമ്പ് ഹൗസ് രണ്ടെണ്ണം ഉള്ളതിൽ ഒന്നിന്റെ പണി പൂർത്തീകരിച്ചു. ജല ശുദ്ധീകരണ ശാലയുടെ പണികൾക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളതും പണികൾ ഉടൻ ആരംഭിക്കുന്നതുമാണ്. മൂന്ന് ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ഉള്ളതിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. 4 ക്ലീയർ വാട്ടർ ഗ്രാവിറ്റി മെയിൻ ഉള്ളതിൽ രണ്ടെണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും, 6 വിതരണ ശൃംഖലകൾ ഉള്ളതിൽ 3 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും ചെയ്തു.

ലഭിച്ച ഫണ്ട് തികയാതെ വന്നതുമൂലം മാറ്റിവച്ച മൂന്ന് വിതരണ ശൃംഖലയുടെയും രണ്ട് ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന്റെയും ഒരു ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും പണികൾക്ക് ആവശ്യമായ തുക (1097.50 ലക്ഷം) 2010 -11 NRDWP യിൽ അനുവദിക്കുകയും ഇതിന്റെ എസ്റ്റിമേറ്റ് 2012

| | | |
|---|---|---|
| | | എസ്.ഒ.ആർ പ്രകാരം തയ്യാറാക്കി വരുകയും ചെയ്യുന്നു.<br>**2. ഇരട്ടയാർ കടിവെള്ള പദ്ധതി :-**<br>ഈ പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് 29/4/20102 ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത പ്രദേശമായ 'അടയാളത്തണ്ട്' ഭാഗത്തേയ്ക്ക് ജലം എത്തിക്കുന്നതിന് 310 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണ്; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ; | (ബി) മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.<br>1. കട്ടപ്പന - അയ്യപ്പൻ കോവിൽ പദ്ധതി - 2001 (സ്ഥലം ലഭ്യമാക്കി പുനരാരംഭിച്ചത് 2009)<br>2. ഇരട്ടയാർ പദ്ധതി - 2002<br>ഇവയിൽ ഒന്നാമത്തെ പദ്ധതി മാർച്ച് 2014 -ഓടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇരട്ടയാർ പദ്ധതി 29.04.12 ൽ കമ്മീഷൻ ചെയ്തു കഴിഞ്ഞു. അടയാളത്തണ്ട് ഭാഗം ഭരണാനുമതി നൽകി 10 മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ; | (സി) **1. കട്ടപ്പന -അയ്യപ്പൻ കോവിൽ പദ്ധതി**<br>എസ്റ്റിമേറ്റ് തുക - 1896.00ലക്ഷം<br>പുതുക്കിയ തുക - 2314.00 ലക്ഷം<br>NRDWP ഉൾ പ്പെട്ടുത്തി അനുവദിച്ച തുക - 1097.50 ലക്ഷം<br>ആകെ - 3411.50 ലക്ഷം<br>**2. ഇരട്ടയാർ പദ്ധതി**<br>എസ്റ്റിമേറ്റ് തുക - 731 .00ലക്ഷം<br>പുതുക്കിയ തുക - 755.00 ലക്ഷം |

(ഡി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വ്യക്തമാക്കാമോ ?

(ഡി) മേൽപ്പറഞ്ഞ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു

| | ഇതുവരെ ചെലവായ തുക | പൂർത്തീകരണത്തിനായി പ്രതീക്ഷിക്കുന്ന തുക |
|---|---|---|
| | (ലക്ഷത്തിൽ) | |
| 1. കട്ടപ്പന-അയ്യപ്പൻ കോവിൽ പദ്ധതി | 940.07 | 2471.43 |
| 2. ഇരട്ടയാർ പദ്ധതി | 888.39 | ---- |
| 3.അടയാളത്തണ്ട് പദ്ധതി | ---- | 310 |

സെക്ഷൻ ഓഫീസർ